# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 19, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| <u>മറുപടി നൽകുന്ന മന്ത്രിമാർ</u> |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

<u>ഊർജ്ജ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ</u>

*181 ശ്രീ. ബി. ഡി. ദേവസ്സി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കെ. നാരായണൻ
,, ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഊർജ്ജ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ ഈ ആവശ്യത്തിനായി 2011-12 ബജറ്റിൽ എന്ത് തുക നീക്കിവെച്ചിരുന്നു; ഇതിൽ എത്ര രൂപ ചെലവാക്കി; ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഊർജ്ജ സംരക്ഷണ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ശേഖരണം, വിനിയോഗം എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുളള മാർഗ്ഗനിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

സ്വയംസന്നദ്ധത പുനരധിവാസ പദ്ധതി

*182 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍
ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വയം സന്നദ്ധത പുനരധിവാസ പദ്ധതി എന്നാണ് പ്രഖ്യാപിച്ചത്; ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പുനരധിവസിപ്പിക്കപ്പെടുന്നവര്‍ക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നല്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതിപ്രകാരം ഇതിനോടകം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.06.2012-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം</u>

*183 ഡോ. കെ. ടി. ജലീൽ
ശ്രീ. എളമരം കരീം
,, സി. കെ. സദാശിവൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം ഉപേക്ഷിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് വികസിപ്പിക്കുന്നതിന് മുൻ സർക്കാർ സ്വീകരിച്ച നടപടികൾ തുടർന്നുകൊണ്ടുപോകാൻ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) മുൻ സർക്കാർ ആരംഭിച്ച 11 പുതിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം തുടരുന്നതിന് നടപടി സ്വീകരിക്കുമോ ; അവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ

## 19.06.2012-ലെ മറുപടിക്ക്

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും ജലവൈദ്യുതപദ്ധതികളും

*184 ശ്രീ. എസ്. ശർമ്മ
,, എ. കെ. ബാലൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധവ് ഗാഡ്ഗിൽ കമ്മിറ്റി വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച റിപ്പോർട്ട് സംസ്ഥാനത്തെ വൈദ്യുതി മേഖലയിലെ വികസനത്തെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചാൽ അതിരപ്പിള്ളി വൈദ്യുതി പദ്ധതി ഉൾപ്പെടെ സംസ്ഥാനത്തെ ഒരു ജലവൈദ്യുത പദ്ധതിയും നടപ്പിലാക്കാൻ കഴിയാതെ വരുമെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ കേന്ദ്ര സർക്കാരിന് മുമ്പിൽ എന്ത് നിലപാട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>ഇ- ഡിസ്ട്രിക്റ്റ്</u>

*185 ശ്രീ.ഡൊമിനിക് പ്രസന്റേഷന്‍
,, വി. ഡി. സതീശന്‍
,, എം. പി. വിന്‍സെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇ- ഡിസ്ട്രിക്റ്റ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളില്‍ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>സമാന്തര സർവ്വീസ് കാരണം കെ.എസ്.ആർ.ടി.സി ക്കുണ്ടാകുന്ന നഷ്ടം</u>

*186 ശ്രീമതി പി അയിഷാപോറ്റി
ശ്രീ. വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന്തര സർവ്വീസ് നടത്തപ്പെടുന്നത് കാരണം കെ.എസ്.ആർ.ടി.സി ക്ക് നഷ്ടം നേരിടുന്നതായി കരുതുന്നുണ്ടോ;

(ബി) സാധാരണക്കാരായ ജനങ്ങൾ സമാന്തര സർവ്വീസിനെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാക്കാൻതക്കവിധം കെ.എസ്.ആർ.ടി.സി റൂട്ടുകൾ നിശ്ചയിക്കാൻ തയ്യാറാകുമോ;

(സി) സമാന്തര സർവ്വീസ് നടത്തുന്നവർ നിയമപരമല്ലാതെ സർവ്വീസ് നടത്തുന്നതിനാൽ അധികാരികളുടെ ശ്രദ്ധയിൽപ്പെടാതിരുക്കാനുള്ള ശ്രമത്തിൽ അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സമാന്തര സർവ്വീസ് തടയുന്നതിനും യാത്രക്കാർക്ക് ആവശ്യമായ ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിനും എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>തണൽ മരങ്ങൾ</u>

*187 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ച് വരുന്ന ആഗോള താപനം ലഘൂകരിക്കുന്നതിന് റെയിൽവേ പുറമ്പോക്കിലും, നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ എന്നിവയുടെ ഓരങ്ങളിലും തണൽ മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്കൂളുകൾ, കോളേജുകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഫലവൃക്ഷത്തൈകളും തണൽ മരങ്ങളും വച്ച് പിടിപ്പിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>ഗതാഗത വികസനത്തിന് മാസ്റ്റർ പ്ലാൻ</u>

*188 ശ്രീ. ജെയിംസ് മാത്യു
,, എം. എ. ബേബി
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗതാഗത വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏജൻസി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.06.2012-ലെ മറുപടിക്ക്

<u>വൈദ്യുതി സപ്ലൈ കോഡ് ഭേദഗതി</u>

*189 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സപ്ലൈ കോഡിന്റെ 12-ാം വകുപ്പ് ഭേദഗതി ചെയ്യാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭേദഗതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഭേദഗതി ജനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.06.2012-ലെ മറുപടിക്ക്

<u>പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം</u>

*190 ശ്രീ. എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം പദ്ധതി ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>ഭക്ഷ്യസംസ്കരണ വ്യവസായം</u>

*191 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുടെ സാധ്യതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഭക്ഷ്യസംസ്കരണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത വ്യവസായങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര പദ്ധതികൾ കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്; ആയതിൽ എത്ര പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>കൂടംകുളം നിലയത്തിൽനിന്നും കേരളത്തിനുള്ള വിഹിതം</u>

*192 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കോടിയേരി ബാലകൃഷ്ണൻ
,, എ. കെ. ബാലൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതിവിഹിതം ലഭിക്കില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വൈദ്യുതി വിഹിതം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലേക്ക് വൈദ്യുതി എത്തിക്കാൻ പ്രസരണ ലൈനുകൾക്ക് ശേഷിയില്ലെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൂടംകുളത്തുനിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള തിരുനെൽവേലി - എടമൺ - ഈസ്റ്റ്കൊച്ചി 400 കെ.വി. ലൈനിന്റെ പണി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഏത് ഭാഗത്താണ് ലൈനിന്റെ പണി ഇനി പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആണവ നിലയത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന്റെ ട്രയൽ റൺ നടന്നിട്ടുളളതും ഉല്പാദനം ഉടൻ ആരംഭിക്കുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യിൽ സ്വകാര്യപങ്കാളിത്തം

*193 ശ്രീ. ഇ. പി. ജയരാജൻ
,, എ. എം. ആരിഫ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വകാര്യപങ്കാളിത്തം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കെ. എസ്. ആർ. ടി.സി യിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനും ബസ് ഡിപ്പോകളുടെ നിർമ്മാണത്തിനും ഏതെല്ലാം രീതിയിലുള്ള സ്വകാര്യപങ്കാളിത്തമാണ് ഉദ്ദേശിക്കുന്നത്;

(സി) കെ.എസ്. ആർ. ടി.സി യിൽ കൂടുതൽ മൂലധനം നിക്ഷേപിച്ച് ഇവ സ്വന്തം നിലയിൽ വികസിപ്പിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>സൗരോർജ്ജ തീയേറ്ററുകൾ</u>

*194 ശ്രീ. എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തീയേറ്ററുകൾ സൗരോർജ്ജം ഉപയോഗിക്കുന്ന രീതിയിലേയ്ക്ക് മാറ്റുവാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഓഫീസുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

ധാതു സമ്പത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

*195 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതു സമ്പത്ത് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം ചെയ്യുന്ന കാര്യത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഇതിനായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് ലഭ്യമായ ധാതു സമ്പത്ത് ഇപ്പോൾ ഏതൊക്കെ ഏജൻസികളാണ് ശേഖരിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

'ആശ്വാസ്' പദ്ധതി

*196 ശ്രീ. ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, എം.എ. വാഹിദ്
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്വാസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വായ്പാ കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കുകയുണ്ടായി, വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് വായ്പക്കാർക്ക് ഈ പദ്ധതി വഴി നൽകിയിട്ടുള്ളത്; പദ്ധതിയുടെ കാലാവധി എത്രയായിരുന്നു വെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>ഡ്രൈവർക്ക് നിയന്ത്രിക്കാവുന്ന വാതിൽ</u>

*197 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാതിലുകൾ തുറന്നിട്ട് അമിതവേഗത്തിൽ ചീറിപ്പായുന്ന സ്വകാര്യ ബസ്സുകളിൽ നിന്നും യാത്രക്കാർ തെറിച്ച് വീണ് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ ; ;

(ബി) അടച്ചുറപ്പുള്ള വാതിൽ ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്ത ബസ്സുകൾക്കെതിരെ നടപടി എടുക്കണമെന്നുള്ള ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ബസ്സുകളിൽ ഡ്രൈവർക്ക് നിയന്ത്രിക്കാവുന്ന വാതിലുകൾ സ്ഥാപിക്കണമെന്ന ട്രാൻസ്പോർട്ട് വകുപ്പിന്റെ ശുപാർശ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>പുതിയ ജലവൈദ്യുത പദ്ധതികള്‍</u>

*198 ശ്രീ. കെ. മുരളീധരന്‍
,, ജോസഫ് വാഴക്കന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഊര്‍ജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലത്ത് ജലവൈദ്യുത പദധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) എങ്കില്‍ ഏതെല്ലാം ജല വൈദ്യുത പദ്ധതികളുടെ രൂപരേഖയാണ് തയ്യാറാക്കിയിട്ടുളളത്, വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ജലവൈദ്യുത പദ്ധതികള്‍ നടപ്പിലാക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>വാതകാധിഷ്ഠിത പവർ പ്ലാന്റ്</u>

*199 ശ്രീ. കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാതകാധിഷ്ഠിത പവർ പ്ലാന്റ് യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇത് സംബന്ധിച്ച് കരാർ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പവർ പ്ലാന്റിന്റെ ശേഷി എത്രയെന്നും ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ തുടങ്ങിയിട്ടുണ്ടോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>ഉൽപാദന-സേവന മേഖലകളിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങൾ</u>

*200 ശ്രീ. ഷാഫി പറമ്പിൽ
,, വി.റ്റി. ബൽറാം
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം ചെറുകിട, ഇടത്തരം വ്യാവസായിക സംരംഭങ്ങളാണ് തുടങ്ങിയതെന്ന് വിശദമാക്കുമോ;

(ബി) ഉൽപാദന മേഖലയിലും സേവന മേഖലയിലും സൂക്ഷ്മ ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതു മൂലം എത്ര പേർക്കാണ് തൊഴിൽ കണ്ടെത്താനായത്;

(സി) മുൻസർക്കാരിന്റെ കാലത്തുള്ളതിനേക്കാൾ ഈ മേഖലയിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**

**19.06.2012-ലെ മറുപടിക്ക്**

<u>സീപ്ലെയിൻ സർവ്വീസ്</u>

*201 ശ്രീ. കെ. വി.അബ്ദുൾ ഖാദർ
,, സി. കെ. സദാശിവൻ
,, ബി. സത്യൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്കുകൾ ഒഴിവാക്കുന്നതിനായി സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുളള ബജറ്റ് നിർദ്ദേശത്തിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ആവശ്യത്തിനായി ബജറ്റിൽ നീക്കിവെച്ച തുകയിൽ ഇതുവരെ എന്തു തുക ചെലവഴിച്ചു ; വിശദമാക്കുമോ ?

# കേരള നിയമസഭ

## 19.06.2012-ലെ മറുപടിക്ക്

<u>സമഗ്ര വൃക്ഷവല്‍ക്കരണ പദ്ധതി</u>

*202 ശ്രീ. പി. തിലോത്തമന്‍
,, മുല്ലക്കര രത്നാകരന്‍
,, വി. ശശി
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സമഗ്ര വൃക്ഷവല്‍ക്കരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തി എന്തെല്ലാമാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിജയകരമായി നടപ്പാക്കിക്കൊണ്ടിരുന്ന എന്റെ മരം പദ്ധതി, വഴിയോര തണല്‍ പദ്ധതി, സാമൂഹ്യവനവല്‍ക്കരണത്തിനായുള്ള പദ്ധതികള്‍ എന്നിവ ഇപ്പോഴും തുടരുന്നുണ്ടോ; ഉണ്ടെങ്കില്‍ ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(സി) ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഫലവൃക്ഷ തൈകളും ഔഷധ സസ്യങ്ങളും വിതരണം ചെയ്യാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ അവ ഏതെല്ലാം ഇനങ്ങളില്‍പ്പെട്ടവയാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

കിൻഫ്രാ പാർക്കുകളിലെ സ്വകാര്യ നിക്ഷേപം

*203 ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കിൻഫ്രാ പാർക്കുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട് ;

(ബി) കിൻഫ്രാ പാർക്കുകളിൽ സ്വകാര്യ നിക്ഷേപങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) എത്ര കോടി രൂപയുടെ സ്വകാര്യനിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്; ഇതുവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

കേപ്പിന്റെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ

*204 ശ്രീ. വി. റ്റി. ബൽറാം
,, കെ. അച്ചുതൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ നേതൃത്വത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കാനുദ്ദേശിക്കുന്നത്; ഏതെല്ലാം കോഴ്സുകളാണ് പുതുതായി തുടങ്ങിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) കേപ്പിന്റെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.06.2012-ലെ മറുപടിക്ക്

<u>വനം കയ്യേറ്റത്തിന് പരിഹാര നടപടി</u>

*205 ശ്രീ. വി.എസ്. സുനിൽ കുമാർ
,, സി. ദിവാകരൻ
,, കെ. അജിത്
ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിക്കാട് തെളിച്ചും ചെറുമരങ്ങൾ വെട്ടിയും നടത്തുന്ന വനം കയ്യേറ്റങ്ങൾ പശ്ചിമ ഘട്ടത്തിൽ പാരിസ്ഥിതിക ആഘാതമുണ്ടാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇപ്രകാരം എത്ര ഹെക്ടർ വനം കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വനത്തിനു പുറത്തുള്ള ഭൂമി കണ്ടെത്തി പുനരധിവാസം നടത്തി വനം കയ്യേറ്റത്തിന് പരിഹാരം കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>ക്രോസ് സബ്സിഡി</u>

*206 ശ്രീ. ഇ.കെ. വിജയൻ
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്കിൽ ഇപ്പോൾ നിലവിലുള്ള ക്രോസ് സബ്സിഡി വെട്ടിക്കുറയ്ക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ക്രോസ് സബ്സിഡി ഇരുപത് ശതമാനത്തിൽ കൂടരുതെന്ന കേന്ദ്ര നിലപാടിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ക്രോസ് സബ്സിഡി കുറയ്ക്കുന്നതിലൂടെ ഗാർഹികാവശ്യത്തിനും കാർഷികാവശ്യത്തിനുമായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് കുത്തനെ ഉയരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

ജെ. എൻ. ആർ. യു. എം.

*207 ശ്രീ. സാജു പോൾ
,, വി. ശിവൻകുട്ടി
,, ബാബു എം. പാലിശ്ശേരി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ. എൻ. ആര. യു. എം. പ്രകാരമുള്ള ബസ്സുകൾ സർവ്വീസ് നടത്തുന്നത് ലാഭകരമാണോ;

(ബി) ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് കേന്ദ്രം നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നത് സർവ്വീസ് നഷ്ടത്തിലാക്കുന്നതായി കരുതുന്നുണ്ടോ;

(സി) ഈ സർവ്വീസ് കൂടുതൽ പേർക്ക് പ്രയോജനപ്പെടുത്തുന്നതിനും ലാഭകരമാക്കുന്നതിനും ഉതകുന്ന തരത്തിൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാട് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

ഊർജ്ജക്ഷമത കുറഞ്ഞ ഉപകരണങ്ങൾ

*208 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപകരണങ്ങളുടെ ഊർജ്ജക്ഷമത പരിശോധിക്കുന്നതിനും നിശ്ചിത നിലവാരമില്ലാത്തവ വില്പന നടത്തുന്നതു നിയന്ത്രിക്കാനും നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഊർജ്ജക്ഷമത കുറഞ്ഞ ഉപകരണങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നതുകൊണ്ടുണ്ടാകാവുന്ന ഊർജ്ജ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) അമിതമായ തോതിൽ വൈദ്യുതി ആവശ്യമുള്ള ചൈനീസ് ഉപകരണങ്ങൾ നിയന്ത്രണമില്ലാതെ കുറഞ്ഞ വിലയ്ക്ക് വിറ്റഴിക്കുന്നത് സംസ്ഥാനത്തിന്റെ ഊർജ്ജമേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>വ്യവസായ സൗഹൃദസംസ്ഥാനം</u>

*209 ശ്രീ. ആര്‍. രാജേഷ്
,, എസ്. രാജേന്ദ്രന്‍
ശ്രീമതി. കെ.കെ. ലതിക
ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളത്തെ പരിവര്‍ത്തിപ്പിക്കുന്നതില്‍ മുന്‍ സര്‍ക്കാര്‍ സ്വീകരിച്ച നടപടികള്‍ തുടരുവാന്‍ തയ്യാറാകുമോ;

(ബി) കേരളത്തിന് വികസിപ്പിച്ചെടുക്കാന്‍ കഴിയുന്ന വ്യവസായ സംരംഭങ്ങള്‍ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സര്‍ക്കാരിന്റെ ഇപ്പോഴത്തെ ഇടപെടലുകള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ ഫലമായി എന്തെല്ലാം സംരംഭങ്ങള്‍ പുതുതായി സ്ഥാപിതമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 19.06.2012-ലെ മറുപടിക്ക്

<u>സൗരോർജ്ജ പ്ലാന്റുകൾ</u>

*210 ശ്രീ. അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലും ജില്ലാ ഭരണ കേന്ദ്രങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സമിതിയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; സംസ്ഥാനത്തെ മറ്റു സ്ഥാപനങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 10.